**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂജലവകുപ്പ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഭൂജലവകുപ്പ് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതികളുടെ സ്ഥലവും, നിലവിലെ സ്ഥിതിയും, ആവശ്യമായി വന്ന തുകയും വ്യക്തമാക്കാമോ; പ്രസ്തുത കുടിവെള്ള പദ്ധതികളുടെ തുടർപ്രവർത്തന ചെലവുകൾ എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശം-ലഭ്യമാക്കാമോ? | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഭൂജലവകുപ്പ് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതികളുടെ സ്ഥലവും, നിലവിലെ സ്ഥിതിയും, ആവശ്യമായി വന്ന തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.<br><br>നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതികളുടെ ചെലവുകളും ചെറിയ അറ്റകുറ്റപ്പണികളും അതതു പദ്ധതികളുടെ ഗുണഭോക്താക്കളുടെ കമ്മറ്റിയാണ് നടത്തുന്നത്. സാങ്കേതികമായ വലിയ അറ്റകുറ്റപണികൾ വരികയാണെങ്കിൽ പഞ്ചായത്തിന്റെയോ വകുപ്പിന്റെയോ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കാട്ടാക്കട നിയോജക മണ്ഡലത്തിൽ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതികളുടെ സ്ഥലവും ആവശ്യമായി വന്ന തുകയും ചുവടെ ചേർക്കുന്നു.

| നം. | സ്ഥലം | പഞ്ചായത്ത് | നിലവിലെ സ്ഥിതി | ചെലവായ തുക (രൂപ) |
|---|---|---|---|---|
| 1. | വാളക്കോട് | കാട്ടാക്കട | പ്രവർത്തനക്ഷമം | 4,35,772/- |
| 2. | സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ, വിളവൂർക്കൽ | വിളവൂർക്കൽ | പ്രവർത്തനക്ഷമം | 2,97,512/- |
| 3. | കീഴത്തിൽനട അംഗൻവാടി | വിളപ്പിൽ | പ്രവർത്തനക്ഷമം | 3,74,966/- |
| 4. | കരുംപാണ്ടി | വിളപ്പിൽ | ഉപയോഗിച്ച് വരുന്നില്ല | 3,62,625/- |
| 5. | തേരിവിള | മലയിൻകീഴ് | പ്രവർത്തനക്ഷമം | 3,56,956/- |
| 6. | കിളിക്കോട്ടുകോണം | മാറനല്ലൂർ | പ്രവർത്തനക്ഷമമല്ല | 6,63,486/- |
| 7. | തച്ചംകോട് | പള്ളിച്ചൽ | ഉപയോഗിച്ച് വരുന്നില്ല | 4,40,489/- |
| 8. | തിനവിള | വിളപ്പിൽ | ഉപയോഗിച്ച് വരുന്നില്ല | 4,13,000/- |
| 9. | കാരോട് ഗാന്ധി മിഷൻ | വിളപ്പിൽ | പ്രവർത്തനക്ഷമം | 4,58,543/- |
| 10. | അമ്മന്നൂർക്കോണം | പള്ളിച്ചൽ | പ്രവർത്തനക്ഷമം | 7,42,000/- |
| 11. | ഗവ.എച്ച്. എസ്. എസ്, മലയിൻകീഴ് | മലയിൻകീഴ് | പ്രവർത്തനക്ഷമം | 3,07,000/- |
| 12. | കല്ലുംപൊറ്റ | കാട്ടാക്കട | പ്രവർത്തനക്ഷമം | 4,36,784/- |

സെക്ഷൻ ഓഫീസർ